## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2394** | **05.11.2019** - ൽ മറുപടിക്ക് |

### മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിടിച്ചെടുക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ. മാക്സി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | 2011-12 മുതൽ 2017 വരെ മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിടിച്ചെടുക്കുവാൻ ധനവകുപ്പിന് അധികാരം നൽകി ഹൈക്കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2011-12 മുതൽ 2017 വരെ മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-01-2019 ലെ WP(C)11335/18 & connected case ലെ ജഡ്ജ്മെന്റ് പ്രകാരം സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |
| (ബി) | എങ്കിൽ, ഇത്തരത്തിൽ 2011-12 മുതൽ 2017 വരെ സംസ്ഥാനത്തിന് വ്യാപാരികളിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയും പിഴയും എത്ര തുക; ആയത് പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; അതിൽ നിന്നും നാളിതു വരെ എത്ര തുക പിരിച്ചെടുക്കുവാൻ സാധിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ 2011-12 മുതൽ 2017 വരെ സംസ്ഥാനത്തിന് വ്യാപാരികളിൽ നിന്നും ലഭിക്കേണ്ട തുക (കുടിശ്ശികയും പിഴയും ഉൾപ്പടെ) 3797.89 കോടി രൂപയാണ്. പ്രസ്തുത തുകയും അതിന് മുമ്പുള്ള കുടിശ്ശികയും ഉൾപ്പടെ നാളിതുവരെ (30-09-2019 വരെ) 1345.40 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി കുടിശ്ശികയും പിഴയും പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ, റവന്യൂ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറിയുടെ അവലോകനം നടത്തി.<br><br>3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br><br>4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്. |
| (സി) | ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം പഴയ മൂല്യവർദ്ധിത നികുതി ഈടാക്കാൻ സർക്കാരിന് അധികാരമില്ല എന്ന കേസ്സുമായി ഹൈക്കോടതിയെ സമീപിച്ച വ്യാപാരികൾ എത്രയാണെന്നും അവർ മാത്രം അടയ്ക്കാനുള്ള മൂല്യവർദ്ധിത നികുതി എത്രയാണെന്നും വെളിപ്പെടുത്തുമോ; | (സി) | ലഭ്യമായ കണക്കുകൾ പ്രകാരം, ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പഴയ മൂല്യവർദ്ധിത നികുതി ഈടാക്കാൻ സർക്കാരിന് അധികാരമില്ല എന്ന കേസ്സുമായി ഹൈക്കോടതിയെ സമീപിച്ച 3494 ഓളം കേസുകൾ ഉണ്ട്. ഇതിൽ ഓരോ കേസുകളിലും ഉൾപ്പെട്ട തുക സംബന്ധമായ കണക്കുകൾ ലഭ്യമല്ല. ഭരണഘടന സാധുതയാണ് ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടത്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടില്ലാത്തവരിൽ നിന്നും എത്ര തുക ഇപ്രകാരം കുടിശ്ശിക യിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്; വ്യക്തമാക്കുമോ? | (ഡി) | 2018 ഏപ്രിൽ മാസത്തിൽ 9956.91 കോടി രൂപ മൊത്തം നികുതി കുടിശ്ശിക ഉണ്ടായിരുന്നു. 2018-19 കാലയളവിൽ നികുതി നിർണ്ണയം നടത്തിയ വകയിൽ 3348.96 കോടി രൂപ അഡീഷണൽ ഡിമാന്റ് ഉണ്ടാക്കിയിട്ടുള്ളതുമാണ്. ഹർജി സമർപ്പിച്ചവരുടേയും അല്ലാത്തവരുടെയും നികുതി കുടിശ്ശിക സംബന്ധമായ കണക്കുകൾ പ്രത്യേകമായി കണക്കാക്കി യിട്ടില്ല. |

**സെക്ഷൻ ഓഫീസർ**